**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4231** **18-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകൾക്ക് പണം സ്വരൂപിക്കുന്നതിനുള്ള അനുമതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ഓഫീസുകൾ വഴി പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ പദ്ധതികളുടെ പ്രചാരണം നടത്തുന്നതിനും മറ്റ് അധിക പ്രവർത്തനങ്ങൾക്കും നിലവിൽ സർക്കാർ മതിയായ സാമ്പത്തിക സഹായമാണോ നൽകുന്നത്; മതിയായ സഹായം ലഭ്യമാകാത്തപക്ഷം കൂടുതൽ സഹായം സ്വീകരിക്കുന്നതിനായി സർക്കാർ ഓഫീസുകൾ നിലവിൽ അവലംബിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സർക്കാർ ഓഫീസുകൾ വഴി പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ പദ്ധതികളുടെ പ്രചാരണം നടത്തുന്നതിനും മറ്റ് അധിക പ്രവർത്തനങ്ങൾക്കും നിലവിൽ സഹായം സർക്കാർ നൽകുന്നുണ്ട്. |
| (ബി) | കൂടുതൽ സഹായം സ്വീകരിക്കുന്നതിനായി സർക്കാർ ഓഫീസുകൾക്ക് പൊതുജനങ്ങളിൽ നിന്ന് ക്രൗഡ് ഫണ്ടിംഗിലൂടെയോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്പോൺസർഷിപ്പ് മാർഗ്ഗത്തിലൂടെയോ പണം സ്വീകരിക്കാമെന്ന രീതിയിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഇത്തരത്തിൽ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ല. സർക്കാരിന്റെ പ്രത്യേക പരിപാടികളിൽ സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പ് അതാത് സമയങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇത്തരത്തിൽ നോൺ-ഗവൺമെന്റ് ഫണ്ടിംഗ് മാർഗ്ഗങ്ങളിലൂടെ പണം സ്വരൂപിക്കാൻ സർക്കാർ ഓഫീസുകൾക്ക് അനുമതി നൽകുന്ന വിഷയം പരിഗണനയിലുണ്ടോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ